**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2028** **12-09-2023 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം, കറുകച്ചാൽ പഞ്ചായത്തുകളിൽ നിലവിലുള്ള വെറ്ററിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുംകുന്നം മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള 99,90,000/- രൂപയുടെ പ്രൊപ്പോസൽ നബാർഡിന്റെ സഹായത്തോടെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. കറുകച്ചാൽ പഞ്ചായത്തിലെ ചമ്പക്കര മൃഗാശുപത്രി നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന നടപടികൾ പൂർത്തിയായിട്ടില്ല. |
| (ബി) | പുതിയ കെട്ടിടത്തിനുള്ള സ്ഥലം അതത് തദ്ദേശസ്ഥാപനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | നെടുംകുന്നം ഗ്രാമപഞ്ചായത്തിൽ നിന്നും മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിന് സ്ഥലം അനുവദിച്ചുകൊണ്ട് പഞ്ചായത്ത് തീരുമാനം ലഭ്യമായിട്ടുണ്ട്. കറുകച്ചാൽ പഞ്ചായത്തിലെ ചമ്പക്കര മൃഗാശുപത്രി നിർമ്മാണത്തിന് കറുകച്ചാൽ പഞ്ചായത്തിലെ കറുകച്ചാൽ വില്ലേജിൽപ്പെട്ട പുറമ്പോക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വെറ്റിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത വെറ്ററിനറി ആശുപത്രികൾക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും, ഫണ്ട് ലഭ്യതയ്ക്കുമനുസരിച്ച് ഈ വിഷയം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ